# അക്കാദമിക

# മാസ്റ്റർപ്ലാൻ

## പുല്ലുകുളങ്ങര എൽ.പി.എസ്സ്

**2025-26**

# ആമുഖം

വിദ്യാഭ്യാസം എന്ന പ്രക്രിയയുടെ അടിസ്ഥാനമുറപ്പിക്കുന്ന നിർണ്ണായകമായ ഘട്ടത്തിന് വേദിയാകുന്ന കേന്ദ്രമാണ് പ്രൈമറി സ്കൂളുകൾ. വിദ്യ എന്ന സങ്കല്പം ജീവിതകാലം മുഴുവനുമുള്ള പ്രക്രിയയാകയാൽ പ്രൈമറി വിദ്യാഭ്യാസത്തിന് ഒരു വ്യക്തിയുടെ ജീവിതത്തിൽ അതിന്റേതായ പ്രാധാന്യമാണുള്ളത്. അക്ഷരങ്ങളിൽ നിന്നും വാക്കുകളിലേക്കും വാക്യങ്ങളിലേക്കും, ഊഹങ്ങളിൽ നിന്നും ധാരണകളിലേക്കും നിഗമനങ്ങളിലേക്കും ഒരു കുട്ടിയെ എത്തിക്കാൻ ഈ വിദ്യാഭ്യാസത്തിന് കഴിയുന്നു. ഒരു കുട്ടി ഭാഷയും, ഗണിതവും, ശാസ്ത്രവും, സാമൂഹ്യശാസ്ത്രവും എന്താണെന്ന അടിസ്ഥാനത്തിലേക്ക് അതിന്റെ ആശയത്തിലേക്ക് കടന്നു ചെല്ലുന്നത് പ്രൈമറി ക്ലാസുകളിലെ പഠനത്തിലൂടെയാണ്.

ഓരോ കുട്ടിയും വ്യക്തിപരമായ കഴിവുകൾകൊണ്ട് സമ്പന്നരാണ്. അവരുടെ കഴിവുകളെയും അവരുടെ താല്പര്യങ്ങളെയും കണ്ടെത്തുക എന്നതാണ് പ്രൈമറിക്ലാസുകളിൽ ഒരു അധ്യാപകൻ ചെയ്യുന്നത്. കേവലം പുസ്തകാധിഷ്ഠിതമായ ഒന്നല്ല വിദ്യാഭ്യാസം എന്ന തിരിവിലേക്ക് അവൻ എത്തുന്നതും അങ്ങനെയാണ്.

2025-26 അക്കാദമിക വർഷം അക്കാദമിക രംഗത്ത് ശക്തിപ്രാപിക്കലും, സാമൂഹ്യ പ്രതിബദ്ധതയും കോർത്തിണക്കി പുത്തൻ അറിവുകൾക്കും, അതുവഴി നേട്ടത്തിലേക്കും ഒരു വിദ്യാലയത്തെയും അതിലെ വിദ്യാർത്ഥികളെയും കൈപിടിച്ചുയർത്താൻ ആവശ്യമായ പ്ലാനുകളാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഈ പ്ലാനുകൾ പ്രാവർത്തികമാക്കാൻ സ്കൂളിന്റെ കൂട്ടായ്മയായ അധ്യാപകരും, കുട്ടികളും രക്ഷകർത്താക്കളും ഒന്നിച്ച് പ്രവർത്തിക്കും എന്ന വിശ്വാസത്തോടെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

പി. ശരീഫത്ത്
താത്കാലിക ഹെഡ്മാസ്റ്റർ.

# സ്കൂൾ വിവരങ്ങൾ

റവന്യൂ ജില്ല - ആലപ്പുഴ.

വിദ്യാഭ്യാസ ജില്ല - മാവേലിക്കര.

ഉപജില്ല - കായംകുളം

സ്കൂളിന്റെ പേര് - പുല്ലുകുളങ്ങര. L.P.S.

സ്കൂൾ കോഡ് - 36439.

മേൽവിലാസം - കണ്ടല്ലൂർ വടക്ക്,
പട്ടോളിമാർക്കറ്റ് . P.O
ആലപ്പുഴ - 690531.

ഫോൺ - 9447032996

ഇ-മെയിൽ - pullukulangaralps1@gmail.com

ലോക്കൽ ബോഡി - പഞ്ചായത്ത്.

ലോക്കൽ ബോഡി പേര് - കണ്ടല്ലൂർ.

വാർഡ് - VIII.

ക്ലാസുകൾ + I – IV.

മാനേജ്മെന്റ് - സിംഗിൾ.

പഠനമാധ്യമം - മലയാളം, ഇംഗ്ലീഷ്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

STD. I

പുല്ലൂക്കുളങ്ങര. L.P.S 2025-26

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

### ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

- അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
- ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
- താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
- കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
- വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
- രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
- പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
- ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
- അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
- ചിത്ര വായനക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
- ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
- സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
- എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
- ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
- ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
- അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
- വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ആസ്വാദ്യകരമായ വായന നടത്തുന്നു.
- ചിത്ര വായനക്ക് അവസരം ഒരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

* ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
* കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി ക്കുകയും ചെയ്യുന്നു.
* ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

## നവംബർ

### പ്രവർത്തനങ്ങൾ

* സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
* കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
* വായനോത്സവം തുടങ്ങുന്നു
* രചനോത്സവം തുടങ്ങുന്നു
* പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
* താളാത്മകമായി കവിതകൾ ചൊല്ലൽ.

### പ്രവർത്തനങ്ങൾ

* സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാകുന്നു.
* ചിത്ര വായന നടത്തുന്നു.
* ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
* ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
* നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
* ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
* ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

## ഡിസംബർ

### പ്രവർത്തനങ്ങൾ

* ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
* രചന ശേഷി പരിപോഷിപ്പിക്കൽ.
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
* രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
* ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
* കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
* സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
* പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
* സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

## ജനുവരി

### പ്രവർത്തനങ്ങൾ

- കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള സർഗ്ഗരചന ശിൽപ്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
- സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
- കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കയ്യെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
- സ്വന്തമായി രചനകൾ നടത്തി കയ്യെഴുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

- കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
- വീട്ടുവായന,കൂട്ടുവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
- ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

- കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
- കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർഡുകളായി മാറ്റിയിട്ടുണ്ട്.
- രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
- കുട്ടികളുടെ രചനകൾ ചേർത്ത് കയ്യെഴുത്ത പുസ്തകം തയ്യാറാക്കുന്നു.
- മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
- സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
- സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
- സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
- ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
- എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# അക്കാദമിക
# മാസ്റ്റർ പ്ലാൻ
## സ്റ്റാൻഡേർഡ് - രണ്ട്

പുല്ലൂർകുളങ്ങര എൽ. പി. എസ്

2025 - 26

## ഉള്ളടക്കം


ആമുഖം
ലക്ഷ്യം
വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം
പ്രവർത്തന കലണ്ടർ
മലയാള മധുരം
സംയുക്ത ഡയറി
പാട്ടരങ്ങ്
ക്ലാസ് പത്രം
രചനോത്സവം
ഭാഷോത്സവം
റീഡേഴ്സ് തീയേറ്റർ
ദിനാചരണങ്ങൾ

| ക്രമ നമ്പർ | പരിപാടിയുടെ പേര് | നിർവഹണ കാലം |
|---|---|---|
| 1. | പ്രവർത്തന കലണ്ടർ | മെയ് |
| 2. | മലയാള മധുരം | ജൂൺ - മാർച്ച് |
| 3. | സംയുക്ത ഡയറി | ജൂൺ - മാർച്ച് |
| 4. | പാട്ടരങ്ങ് | ജൂൺ - മാർച്ച് |
| 5. | റീഡേഴ്സ് തിയേറ്റർ | ജൂലൈ - മാർച്ച് |
| 6. | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ - മാർച്ച് |
| 7. | ക്ലാസ് പത്രം | ഓഗസ്റ്റ് - മാർച്ച് |
| 8. | രചനോത്സവം | ജൂലൈ - ഫെബ്രുവരി |
| 9. | ഭാഷോത്സവം | ജൂലൈ - ഫെബ്രുവരി |
| 10. | ദിനാചരണങ്ങൾ | ജൂൺ - ഫെബ്രുവരി |
| | | |
| | | |

## ആമുഖം

ഒന്നാം ക്ലാസിൽ നിന്നും രണ്ടാം ക്ലാസിലേക്ക് വന്ന കുട്ടികൾ ആർജ്ജിച്ച ശേഷികൾ പരിപോഷിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി പഠന പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. രക്ഷിതാക്കളുടെ പിന്തുണയും, പങ്കാളിത്തവും ഉറപ്പാക്കേണ്ടതുണ്ട്. അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലൂടെ രണ്ടാം ക്ലാസിലെ കുട്ടികൾക്ക് ആവശ്യമായ മാറ്റം ഉണ്ടാക്കുന്നതിന് സാധിക്കും.

## ലക്ഷ്യം

എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരായി മാറ്റുക.
കുട്ടികളുടെ സർഗാത്മക ശേഷികളെ പരിപോഷിപ്പിക്കുക.
ഇംഗ്ലീഷ് ഭാഷാ പഠനം അനായാസമാക്കുക. ഇംഗ്ലീഷ് സങ്കോചമില്ലാതെ വായിക്കാനും, രചനകളിൽ ഏർപ്പെടാനും പ്രാപ്തരാക്കുക.
എല്ലാ കുട്ടികളും തെറ്റില്ലാതെ ചെറുവാക്യങ്ങൾ എഴുതാൻ കഴിവു നേടുന്നു.
കുട്ടികൾക്ക് അവരവരുടെ കഴിവുകൾ അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
രക്ഷിതാക്കളുടെ പരിപൂർണ്ണ പിന്തുണയും, പങ്കാളിത്തവും ഉറപ്പാക്കുന്നു.

## വിദ്യാലയത്തിൽ പ്രതീക്ഷിക്കുന്ന മാറ്റം.

രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളെയും വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
സംയുക്ത ഡയറി എഴുത്തിലൂടെ കുട്ടികളെ സ്വതന്ത്ര രചയിതാക്കളായി മാറ്റുക.
വിദ്യാലയത്തിന് പൊതുസമൂഹത്തിന്റെ അംഗീകാരം നേടുക.

# മലയാള മധുരം

ഒന്ന്, രണ്ട് ക്ലാസുകളിലെ കുഞ്ഞുങ്ങൾക്കായി അവധിക്കാലത്ത് വായനാനുഭവം ഉറപ്പു വരുത്തുന്നതിനായി ഒരു പുതിയ ആശയമാണ് മലയാള മധുരം. കുഞ്ഞുമക്കൾ ആസ്വദിച്ച് വായിക്കാനും ലഭിച്ച ആശയങ്ങൾ പ്രകടിപ്പിക്കാനും ഇതിലൂടെ അവസരമൊരുക്കി.

## പ്രവർത്തനലക്ഷ്യങ്ങൾ

ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരമൊരുക്കുന്നു.

ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമിക്കാൻ പ്രാപ്തി നേടുന്നു.

## പ്രവർത്തനഘട്ടങ്ങൾ

അവധിക്കാലത്ത് തുടങ്ങിയ പ്രവർത്തനം SRGയിൽ അവലോകനം ചെയ്യുന്നു. (മെയ് അവസാനം)

തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. (മെയ്)

എല്ലാ മാസത്തിലും വായന

വായനോത്സവം, രചനോത്സവം എന്നിവ സംഘടിപ്പിക്കുന്നു.

# സംയുക്ത ഡയറി

ഭാഷാപഠനത്തിൽ രചനയുടെ അടിസ്ഥാന ശേഷി വികസനത്തിന് ഡയറി എഴുത്ത് വളരെയധികം സഹായിക്കുന്നു. തുടക്കത്തിൽ അധ്യാപികയുടെയും രക്ഷിതാവിന്റെയും സഹായത്തോടെ ദിന അനുഭവങ്ങൾ ഉൾക്കൊണ്ട് കുഞ്ഞുങ്ങൾക്ക് എഴുതാൻ കഴിയുന്നു.

## ലക്ഷ്യം

സ്വന്തം അനുഭവങ്ങൾ (ക്രമമായി) പറയുന്നതിനും എഴുതുന്നതിനും കഴിയുന്നു.

ഭാഷാശേഷി വികസിപ്പിക്കുന്നതിന് സാധിക്കുന്നു.

രചനാശേഷിയും സർഗാത്മകശേഷിയും വികസിക്കുന്നു.

## പ്രവർത്തന കാലഘട്ടം.

ജൂൺ - മാർച്ച്

## പ്രവർത്തനം

മെയ് മാസത്തിൽ SRGയിൽ പ്രവർത്തന ആസൂത്രണം

ജൂൺ ആദ്യവാരം രക്ഷിതാവിനെ ബോധ്യപ്പെടുത്തൽ (CPTA)

ജൂൺ അവസാനത്തോടെ ഡയറി എഴുത്ത്

മികച്ച എഴുത്തുകാരൻ

മാർച്ച് മാസത്തിൽ പ്രകാശനം

ചുമതല - ക്ലാസ് Tr, PTA

സാമ്പത്തികം - ക്ലാസ് Tr, PTA

## പാട്ടരങ്ങ്

ഭാഷാപഠനത്തിൽ താളത്തിന് വളരെയധികം പ്രാധാന്യമുണ്ട്. കവിതകൾ ഈണം കണ്ടെത്തി അവതരിപ്പിക്കാൻ താളബോധം സ്വായത്തമാക്കിയ കുട്ടിക്ക് വേഗത്തിൽ കഴിയുന്നു.

ലക്ഷ്യം.

കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഈണത്തിലും, സംഘമായും അവതരിപ്പിക്കുകയും ചെയ്യുന്നു.

ഈണം, താളം, ആശയം എന്നിവ ഉൾക്കൊണ്ട് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

കുട്ടിക്കവിതകൾ പതിപ്പ് തയ്യാറാക്കുന്നു.

ചുമതല:- ക്ലാസ് ടീച്ചർ, PTA

സാമ്പത്തികം:- Class Tr

## ക്ലാസ് പത്രം

രണ്ടാം ക്ലാസിലെ ഭാഷാപഠനവുമായി ബന്ധപ്പെട്ട ഒരു പഠനതന്ത്രമാണ് ക്ലാസ് പത്രം. കണ്ടതോ, കേട്ടതോ ആയ കാര്യങ്ങൾ ആശയം ചോർന്നുപോകാതെ പറയാനും, എഴുതാനും പ്രാപ്തരാക്കുന്നതിന് ക്ലാസ് പത്രം സഹായിക്കുന്നു.

ലക്ഷ്യം

സ്വന്തമായ വാക്കുകൾ ഉപയോഗിച്ച് ആശയ പൂർണ്ണമായി എഴുതാൻ കഴിവു നേടുന്നു.

രചനാശേഷി പരിപോഷിപ്പിക്കുന്നു.

സ്കൂളിലെ ദൈനംദിന അനുഭവങ്ങൾ ശ്രദ്ധിച്ച് സ്വന്തം ഭാഷയിൽ എഴുതാൻ കഴിവു നേടുന്നു.

പ്രവർത്തനഘട്ടം

ക്ലാസ് പത്രം ലക്ഷ്യങ്ങളും, പ്രവർത്തനക്രമങ്ങളും, ടീച്ചർ അവതരിപ്പിക്കുന്നു.

CPTA യിൽ അവതരിപ്പിച്ച് പിന്തുണ ഉറപ്പാക്കുന്നു.

ക്ലാസിൽ പത്രം തയ്യാറാക്കൽ (ആഴ്ചയിൽ)

അസംബ്ലിയിൽ അവതരണം.

വിശേഷാവസരങ്ങളിൽ പ്രത്യേക പതിപ്പ്

ചുമതല:- Class Tr, PTA

## രചനോത്സവം

ലേഖനപ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് പഠനലക്ഷ്യത്തിലെത്തിക്കുകയെന്നതാണ് രചനോത്സവം കൊണ്ട് ലക്ഷ്യമിടുന്നത്. കഥ, കവിത, ഡയറി, ക്ഷണക്കത്ത്, സംഭാഷണം, വിവരണം തുടങ്ങിയ വ്യവഹാരരൂപങ്ങളാണ് രണ്ടാംക്ലാസിൽ പരിചയപ്പെടുന്നത്.

ലക്ഷ്യം

എല്ലാ കുട്ടികളും രചനാപ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു.
കൃത്യമായ ഇടവേളകളിൽ ക്ലാസ്തല രചനാ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

പ്രവർത്തനഘട്ടം

SRG യിൽ ചർച്ച (രചനോത്സവം പ്രവർത്തന മാർഗരേഖ)
CPTA യിൽ പ്രവർത്തനപദ്ധതി അവതരണം (ജൂൺ)
പ്രതിമാസ രചനോത്സവം (ജൂൺ - ഫെബ്രുവരി)
കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ രചനോത്സവത്തിന്റെ ഭാഗമായി } - Sep, Dec, March

ചുമതല - Class Tr, PTA
സാമ്പത്തികം - PTA, SSK

## ഭാഷോത്സവം

കുട്ടിയുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ കഴിയും. സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും ഭാഷോത്സവം കുട്ടികളെ പ്രാപ്തരാക്കുന്നു.

ലക്ഷ്യം

കുട്ടികളുടെ സ്വതന്ത്രരചനയ്ക്ക് സഹായം ഒരുക്കുന്നു.
ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
കുട്ടികളുടെ സർഗശേഷികൾ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നു.

പ്രവർത്തനഘട്ടം

SRG ൽ ആസൂത്രണം ചെയ്യുന്നു.
പ്രാദേശിക കലാ സാഹിത്യകാരന്മാരുടെ പിന്തുണ ഉറപ്പാക്കുന്നു.
അവതരിപ്പിക്കേണ്ട മികവുകൾ കണ്ടെത്തുന്നു.
സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നു.

ചുമതല - SRG, PTA
സാമ്പത്തികം - PTA, SSK.

## റീഡേഴ്സ് തിയേറ്റർ

ലഘുവിവരണങ്ങൾ, കഥകൾ, കുട്ടിക്കവിതകൾ, സംഭാഷണങ്ങൾ തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ എല്ലാകുട്ടികളെയും പ്രാപ്തരാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഇതിനായി ആവശ്യമുള്ള പഠനതന്ത്രങ്ങൾ അവതരിപ്പിച്ച് ഭാഷാവികാസവുമുണ്ടാകുന്നു.

ലക്ഷ്യം

രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.

പാഠപുസ്തകങ്ങളിലെയും ബാലസാഹിത്യകൃതികളിലെയും സന്ദർഭങ്ങൾ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായി അവതരിപ്പിക്കുന്നു.

പ്രവർത്തനഘട്ടങ്ങൾ

SRG യിൽ മുന്നൊരുക്കം

CPTA യിൽ അവതരണം, പിന്തുണ ഉറപ്പാക്കൽ

ശില്പശാല സംഘടിപ്പിക്കുന്നു.

എല്ലാകുട്ടികൾക്കും പങ്കാളികളാകാൻ പാഠഭാഗങ്ങൾ, തെരഞ്ഞെടുത്ത ബാലസാഹിത്യകൃതികൾ എന്നിവ റീഡേഴ്സ് തിയേറ്റർ സങ്കേതം ഉപയോഗിച്ച് അവതരിപ്പിക്കുന്നു.

ചുമതല:- class Tr, CPTA

സാമ്പത്തികം - PTA.

~~[illegible]~~

~~കുട്ടികളുടെ~~

## ദിനാചരണങ്ങൾ

ദിനാചരണങ്ങളുടെ പ്രാധാന്യം മനസിലാക്കുന്നു. ഓ
ദിനാചരണങ്ങളും ആഘോഷിക്കപ്പെടുന്നത് എന്തിനാണ
ന്നുള്ള ആശയം ലഭിക്കുന്നു.

ലക്ഷ്യം

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

പ്രസംഗം, പോസ്റ്റർരചന, പതിപ്പ് തയ്യാറാക്കൽ എന്നിവ ചെയ്യുന്നു.

കുട്ടികളുടെ സർഗാത്മകശേഷി വർധിക്കുന്നു.

പ്രവർത്തനഘട്ടങ്ങൾ

ഓരോ SRG യിലും ദിനാചരണങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തുന്നു. എങ്ങനെ ആഘോഷിക്കാമെന്നും, അതിന
ായ പ്രവർത്തനങ്ങളും കണ്ടെത്തി തയ്യാറാക്കുന്നു.

## നാട്ടുവിശേഷം കൂട്ടെഴുത്ത്

ഭാഷാപഠനം പരിസരപഠനവുമായി ബന്ധപ്പെടുത്തി സാധ്യമാക്കുന്നതിനുള്ള പദ്ധതിയാണ് നാട്ടുവിശേഷം കൂട്ടെഴുത്ത്. പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കുട്ടികൾക്ക് സാധിക്കുന്നു.

### ലക്ഷ്യം

പരിസര പഠനത്തിലൂടെ ഭാഷാപഠന സാധ്യതകൾ ഒരുക്കുന്നു

പ്രകൃതി നിരീക്ഷണത്തിലൂടെ ഗ്രഹിച്ച ആശയങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതാൻ കഴിയുന്നു.

എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു.

### പ്രവർത്തന ഘട്ടങ്ങൾ

SRGയിൽ പ്രവർത്തന വിശദാംശം അവതരിപ്പിക്കുന്നു.

പ്രകൃതി നടത്തം, ഫീൽഡ് ട്രിപ്പ് എന്നിവ ആസൂത്രണം ചെയ്യുന്നു.

കണ്ടെത്തലുകളുടെ അവതരണം, പതിപ്പ് തയ്യാറാക്കൽ

പതിപ്പുകൾ പഠനോത്സവത്തിൽ പ്രദർശനം

ചുമതല - class tr, PTA, HM

സാമ്പത്തികം - class tr

# അക്കാദമിക
# മാസ്റ്റർ
# പ്ലാൻ
# മൂന്നാം ക്ലാസ്

Standard III.

## മലയാളം മാസ്റ്റർ പ്ലാൻ

### ആമുഖം

കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ആഗ്രഹിക്കുന്നത്. കുട്ടികളുടെ ശാരീരികവും, മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് ആവശ്യമായ ഇടപെടലുകളാണ് നാം ലക്ഷ്യമിടുന്നത്. ഈ വർഷം ജൂൺ മുതൽ അടുത്ത മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും വിവിധ സാധ്യതകളുള്ളതുമായ പദ്ധതികളാണ് ഇവിടെ ആസൂത്രണം ചെയ്യുന്നത്.

### ലക്ഷ്യം

ക്ലാസിലെ മുഴുവൻ കുട്ടികളെയും തെറ്റില്ലാതെ വായിക്കാനും എഴുതുവാനും പഠിപ്പിക്കൽ (ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ)

### പ്രവർത്തന പദ്ധതികൾ

#### ജൂൺ

* വിജയ സ്പർശം
* പ്രീ-ടെസ്റ്റ് നടത്തുന്നു
* അവലോകനം നടത്തൽ
* വിവിധ നിലവാരക്കാരെ കണ്ടെത്തുന്നു
* സി. പി. ടി. എ. മീറ്റിംഗ് നടത്തുന്നു

ജൂലായ്

* ചിത്രം - വീഡിയോ കാണിക്കുന്നു
* വീഡിയോയിൽ കണ്ട കാര്യങ്ങൾ പറയിപ്പിക്കുന്നു
* ഓരോന്നിന്റെയും പേരുകൾ പറയുന്നു. എഴുതുന്നു (പദസൂര്യൻ)
* മറ്റ് പദങ്ങൾ കണ്ടെത്തി എഴുതുന്നു

ഓഗസ്റ്റ്

* ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കഥ കേൾക്കാനും കാണാനും പുനരവതരണത്തിനുമുള്ള അവസരം നൽകുന്നു.
* കഥയിലെ ഇഷ്ടപ്പെട്ട വാക്യങ്ങൾ പറയുന്നു. എഴുതുന്നു.
* വാക്യങ്ങൾ നിർമ്മിക്കുന്നു.

സെപ്തംബർ

* കഥ അവതരിപ്പിക്കുന്നു
* ചോദ്യങ്ങൾ - ഉത്തരങ്ങൾ കണ്ടെത്തുന്നു
* കഥയിലെ കഥാപാത്രങ്ങളുടെ ചിത്രം വരയ്ക്കുന്നു
* പേര് എഴുതുന്നു

ഒക്ടോബർ

* വളരുന്ന വാക്യങ്ങൾ രൂപപ്പെടുത്തൽ
* ചിത്രം നോക്കി പേര് എഴുതൽ
* മല, വലിയ മല, മരങ്ങളുള്ള വലിയ മല
* ഇത് പോലെയുള്ള മറ്റ് വാക്യങ്ങൾ സ്വയം കണ്ടെത്തൽ എഴുതൽ

നവംബർ

* ചിഹ്നങ്ങൾ ഉറപ്പിക്കൽ
* ICT - ചിത്രം കാണിക്കുന്നു. വാക്യങ്ങൾ എഴുതൽ
* പരിചിതമായ വാക്യങ്ങൾ, ചിഹ്നങ്ങൾ ഇല്ലാതെ നൽകൽ
* ഉചിതമായ ചിഹ്നങ്ങൾ ചേർക്കാനവസരം നൽകുന്നു.

ഡിസംബർ

* ലളിതമായ വായനാ കാർഡുകൾ അധ്യാപകന്റെ സഹായത്തോടെ വായിക്കൽ
* സ്വയം വായിക്കുന്നതിനുള്ള അവസരം നൽകൽ

ജനുവരി

* അധ്യാപകൻ തയ്യാറാക്കിയ കഥ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.
* കുട്ടികൾക്ക് വായിക്കാനവസരം നൽകുന്നു
* കഥയിലെ കഥാപാത്രങ്ങൾ പറയിപ്പിക്കുന്നു
* ചെറിയ ചെറിയ വാക്യങ്ങൾ ഉപയോഗിച്ച് കഥ സ്വയം നിർമ്മിക്കുന്നു.

ഫെബ്രുവരി

* കഥാചിത്രങ്ങൾ ഡിജിറ്റൽ സാധ്യത ഉപയോഗിച്ച് കാണിക്കുന്നു
* ചിത്രങ്ങളുടെ അടിസ്ഥാനമാക്കി കുട്ടികൾ കഥ എഴുതുന്നു
* കഥ പതിപ്പ് തയ്യാറാക്കുന്നു.

മാർച്ച്

* CPTA നടത്തുന്നു
* വായനയിലും എഴുത്തിലും കുട്ടികളുടെ നിലവാരം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു
* മികവുകൾ പരിചയപ്പെടുത്തുന്നു
* അവതരിപ്പിക്കുന്നു.

# അക്കാദമിക

# മാസ്റ്റർ പ്ലാൻ

# ക്ലാസ്സ് തലം :- 4

# 2025 -26

* മലയാളം
* English
* പരിസരപഠനം
* ഗണിതം

# മലയാള ഭാഷ

## മധുരം മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| * ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | * ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ; അനുയോജ്യമായ സാമഗ്രികൾ ഒരുക്കൽ. | ലക്ഷ്യം നേടുന്നത് വരെ | ക്ലാസ്ടീച്ചർ | PTA ഫണ്ട് |

## വായിക്കാം വളരാം

| | | | | |
|---|---|---|---|---|
| *വായനാശേഷി വളർത്തൽ | *ക്ലാസ് വായനാക്കൂട്ടം.<br>* ക്ലാസ് ലൈബ്രറി ഒരുക്കൽ.<br>* പുസ്തകപരിചയം<br>* വായനാ കുറിപ്പ്<br>* അനുകാലിക വായന. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ<br>സി.പി.ടി.എ. | |

| | | | | |
|---|---|---|---|---|
| **എഴുതാം തെളിയാം** | | | | |
| * എഴുത്ത് പരിപോഷിപ്പിക്കൽ | * പാഠഭാഗങ്ങളിൽ നിന്നും പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | വർഷം മുഴുവൻ | SRG ക്ലാസ്ടീച്ചർ | |
| **എഴുത്തുകാരുമായി സംവദിക്കൽ** | | | | |
| *ലേഖനശേഷി വർധിപ്പിക്കൽ<br>* സാഹിത്യകാരൻമാരെ അടുത്തറിയൽ | * സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആവശ്യാനുസരണം | ക്ലാസ്ടീച്ചർ | |
| **കണ്ടറിയാം കേട്ടറിയാം** | | | | |
| *അറിവ് ഡോക്യുമെന്റിലൂടെ നേടൽ (ICT) | * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | ആവശ്യാനുസരണം | SRG ക്ലാസ്ടീച്ചർ | |
| **രുചിച്ചറിയാം** | | | | |
| *നമ്മുടെ പ്രാചീന(നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ<br>* | * ഭക്ഷ്യമേള<br>* പാചക കുറിപ്പുകളുടെ പതിപ്പ്<br>* ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന് | ക്ലാസ്ടീച്ചർ പി.ടി.എ. | |

| | | | | |
|---|---|---|---|---|
| **ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ)** | | | | |
| * സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | * ഓർമ്മദിനങ്ങൾ ആചരിക്കൽ<br>* ഡോക്യുമെന്ററി പ്രദർശനം<br>* പുസ്തക പരിചയം<br>* ജീവിതരേഖ തയ്യാറാക്കൽ<br>* പതിപ്പ് നിർമ്മാണം<br>* പ്രദർശനം. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ<br>SRG. | |
| **കലക്കൂട്ട്** | | | | |
| * പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | * പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്<br>* കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം. | വർഷത്തിലൊന്ന് | HM<br>SRG<br>CPTA<br>ക്ലാസ്ടീച്ചർ | |
| **സർഗ്ഗോത്സവം** | | | | |
| * ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ. | * കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | വർഷത്തിൽ മൂന്ന് തവണ | HM<br>SRG<br>CPTA<br>Class teacher | |

# പരിസരപഠനം

**പ്രകൃതി നടത്തം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചിലവ് |
|---|---|---|---|---|
| * നിരീക്ഷണം<br>* അറിവു നിർമ്മാണം | * പാഠഭാഗവുമായി ബന്ധപ്പെട്ട മരങ്ങൾ ചെടികൾ സന്ദർശിക്കൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ<br>HM<br>CPTA | |

**ശാസ്ത്രമേള**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചിലവ് |
|---|---|---|---|---|
| * ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | * ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>* പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ<br>HM | SSA |

**ശാസ്ത്രലാബ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചിലവ് |
|---|---|---|---|---|
| * ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ<br>* അന്വേഷണത്വര വളർത്തൽ | * വാന നിരീക്ഷണങ്ങളും<br>* സയൻസ് പാർക്ക്<br>* ശാസ്ത്ര മേളകൾ പ്രദർശനങ്ങൾ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ<br>Hm<br>CPTA<br>SRG. | |

# ഗണിതം

കളിക്കാം - ഗണിക്കാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചിലവ് |
|---|---|---|---|---|
| * ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | * വിവിധതരം കളികൾ ആസൂത്രണം ചെയ്തു നടപ്പാക്കൽ.<br>* മൂല്യനിർണ്ണയം (ഏണിയും പാമ്പും ഡയസ് കളി)<br>* സങ്കലനം - വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |

ഒറിഗാമിയിലൂടെ പഠിക്കാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചിലവ് |
|---|---|---|---|---|
| * ഗണിതശാസ്ത്ര പഠനം രസകരമാക്കൽ- കരചലന ശേഷി വികാസം | * ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം - പ്രദർശനം | ഉചിതമായ സമയത്ത് | ക്ലാസ് ടീച്ചർ | |

ഗണിതലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചിലവ് |
|---|---|---|---|---|
| * ഗണിതപഠന പ്രവർത്തനം സുതാര്യമാക്കൽ | * ഗണിതലാബ് ഒരുക്കൽ<br>* പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | ക്ലാസ്ടീച്ചർ<br>HM<br>SRG | |

## English Language

| Learning Outcomes | Activities | Activity details | Charge / Duration |
| --- | --- | --- | --- |
| * Describes the Pictures | Picture Description | * The teacher shows a picture<br>* Discussion<br>* The children talk about the picture<br>Slow learners<br>* Gives opportunity to express their ideas in Malayalam | Class Teacher<br>June to August |
| * Arranges wood in alphabetical Order | Dictionary | * Introducing the dictionary<br>* Gives words<br>* Arranging words in alphabetical Order | Class teacher<br>July to March |
| * Add more exchanges to the |  | * Reading the conversation<br>* Conversation - acting with | Class teacher |